പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1206

11.06.2019-ൽ മറുപടിക്ക്

## ആലത്തൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

ചോദ്യം

ശ്രീ.കെ.ഡി. പ്രസേനൻ :

ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഏരിമയൂർ പഞ്ചായത്തിലെ ചുള്ളിമട പാലം, ആലത്തൂർ പഞ്ചായത്തിലെ പറക്കുന്നം പാലം, കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

മറുപടി

ശ്രീ. ജി. സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

**ചുള്ളിമടപാലം**

KIIFB 2016-17-ൽ ഉൾപ്പെട്ട ചുള്ളിമട പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയ്ക്കായി KIIFB -യിലേയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പറക്കുന്നം പാലം**

KIIFB 2016-17-ൽ ഉൾപ്പെട്ട ആലത്തൂർ പറക്കുന്നം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മമ്പാട് പാലം**

കിഴക്കഞ്ചേരി മമ്പാട് ചപ്പാത്തിപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ